M 7668

Reg. No.: ..............................

Name : ..............................

# I Semester B.A./B.Sc. Degree (CCSS – Supple./Improve.) Examination, November 2014
# COMMON COURSE IN MALAYALAM
# 1 A 07 MAL : സാഹിത്യപഠനങ്ങൾ
# (2012 and 2013 Admn.)

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് 1. **(1×4=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കഥകളുടെ കർത്താക്കളുടെ പേരെഴുതുക.

a) നെയ്പ്പായസം

b) കൊമാല

c) മരപ്പാവകൾ

d) മലബാർ എക്സ്പ്രസ്

2) ''ഫലിച്ചിതോ സഖീ, നിന്റെ പ്രയത്നവല്ലരി, രസം
കലർന്നിതോ ഫലം, ചൊൽക കനിയായിതോ ?''

a) ആരാണ് ചോദിച്ചത് ?

b) ആരോടാണ് ചോദിച്ചത് ?

c) പ്രയത്നം എന്തിനായിരുന്നു ?

d) ഏത് കൃതിയിലെ വാക്യം ?

3) ''നിങ്ങളുടെ ഉദാരമനസ്കതയ്ക്ക് നന്ദി. പക്ഷേ, ജീവനില്ലാത്ത കണ്ണുകളേ ഇവിടെ നിന്ന് സ്വീകരിക്കാറുള്ളൂ.''

a) ആരുടെ വാക്കുകൾ ?

b) ആരോടാണ് പറഞ്ഞത് ?

c) കൃതി ഏത് ?

d) കഥാകാരൻ ആരാണ് ?

P.T.O.

4) ''അയാൾ തലയുയർത്തി അവളെ നോക്കി. അയാളുടെ മുഖം കുതിരയുടേതെന്നപോലെ നീണ്ടതായിരുന്നു''

a) ആരാണ് അയാൾ ?

b) അവൾ ആരാണ് ?

c) ഏത് കഥയിലെ വാക്യമാണിത് ?

d) കഥാകൃത്ത് ആര് ?

5) ഉത്തരമെഴുതുക.

a) പാലക്കാട് ജില്ലയിലെ ഏതു പ്രദേശത്താണ് ഊരാളിക്കുറുമരെ ധാരാളമായി കാണുന്നത് ?

b) കുറുമർ അമ്മയെ എന്താണ് വിളിക്കുന്നത് ?

c) മുളയെ സൂചിപ്പിക്കാൻ കുറുമർ ഉപയോഗിക്കുന്ന വാക്ക് ഏതാണ് ?

d) ഒരു മരം മുറിക്കേണ്ടി വന്നാൽ മരത്തോട് മാപ്പുചോദിക്കുന്ന ആദിവാസി വിഭാഗം ഏത് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(1×4=4 വെയിറ്റേജ്)**

6) ''ആ മഹാന്റെ കണ്ണിൽ നിന്നാച്ചാമ്പലിലൊരശ്രുകണ –
മാമലകീഫലം പോലെയടർന്നു വീണു'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

7) 'ചരിത്രത്തിലൂടെയും ഭാഷയിലൂടെയും എത്ര ദൂരം നടന്നാലാണ് ഒരാൾക്ക് സി. വി. യിലേക്ക് എത്താനാവുക' – വിശദമാക്കുക.

8) ''അടുക്കളയിലെ തേഞ്ഞുതീരുന്ന വീട്ടുപകരമാണു ഞാൻ'' – ആരുടെ വാക്കുകൾ ? സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

9) 'മഴവില്ലും ചൂരൽ വടിയും' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

10) 'കാൽചക്രം' എന്ന കഥയിലൂടെ കാരൂർ പറയാൻ ശ്രമിക്കുന്നതെന്തെല്ലാം ? വിവരിക്കുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(2×5=10 വെയിറ്റേജ്)**

11) 'സാഹിത്യത്തെ ആര്യവൽകരണം രണ്ടു രീതിയിലാണ് സ്വാധീനിച്ചത്' എങ്ങനെയെല്ലാം ?

12) ''സസംഭ്രമം പഴക്കത്താൽ ഭ്രൂലതതാനുണർന്നെന്തോ
പ്രസംഗിപ്പാനൊരുങ്ങുന്നു ഫലിയായ്കിലും'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

13) ''ഏതായാലും എനിക്കി കണ്ണിന്റെ പേരിൽ തൂക്കിലേറാൻ വയ്യ...'' – ആരുടെ വാക്കുകൾ ? ഇങ്ങനെ പറയാൻ കാരണമെന്ത് ?

14) ''ഒഴികഴിവുകളുടെ പച്ചവിറകിന്മേൽ
നമ്മുടെ ജന്മദീർഘമായ ശവദാഹം'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

15) ''മ്മ്ക്ക് ഒരു വഴിദൈവം കൃത്യാ വീദിച്ച് തന്ന്ണ്ട്. അത് മ്മെക്കോടെ സാവധാനങ്ങട് ഓടിച്ച് പോയാ എത്തേണ്ടോടത്ത് ...മ്മളെത്തും'' – ആരുടെ വാക്കുകൾ ? സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

16) കുറുമരുടെ പാർപ്പിടത്തെക്കുറിച്ച് വിവരിക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×3=12 വെയിറ്റേജ്)**

17) പാർശ്വവൽക്യത സമൂഹമായ കുറുമരുടെ ജീവിതത്തിന്റെ താളമാണ് 'കാടുജീവിതത്തിന്റെ സ്പന്ദതാളങ്ങളി'ൽ ആവിഷ്കരിച്ചിട്ടുള്ളത്. വിവരിക്കുക.

18) കുമാരനാശാന്റെ ജീവിതദർശനം 'കരുണ'യെ ആസ്പദമാക്കി നിരൂപിക്കുക.

19) 'റോഡിൽ പാലിക്കേണ്ട നിയമങ്ങൾ' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

20) 'സഹ്യന്റെ മകൻ' എന്ന കവിതയുടെ അർത്ഥതലങ്ങൾ വിശകലനം ചെയ്യുക.

---